
2024 മാർച്ച് 1

# സാക്ഷ്യം

നിറവാർന്ന കാഴ്ചകൾക്ക്

ഡിജിറ്റൽ മാസിക, പ്രസിദ്ധീകരണം: ജി എച്ച് എസ് എസ് കാടഞ്ചേരി




GOVT. HIGHER SECONDARY SCHOOL KADANCHERY

2024 മാർച്ച് 1

# സാക്ഷ്യം

നിറവാർന്ന കാഴ്ചകൾക്ക്

ഡിജിറ്റൽ മാസി ക



## മുഖവുര

2023  24 അധ്യയന വർഷത്തിൽ കാടഞ്ചേരി ഗവ: ഹയർ സെക്കന്ററി സ്ക്കൂളിലെ സർഗ പ്രതിഭകളായ കുട്ടികളുടെ  കലാ-സാഹിത്യ രംഗത്തെ വിവിധ തലത്തിലുള്ള തനത് സൃഷ്ടികൾ ചേർത്ത്  ''സാക്ഷ്യം''എന്ന ഡിജിറ്റൽ മാസിക  ഈ വർഷവും  ഏറെ അഭിമാനത്തോടെ പ്രകാശനം ചെയ്യുകയാണ്.

കുട്ടികൾക്കിടയിലെ  നവാഗതരായ എഴുത്തുകാരെയും ചിത്രകാരന്മാരെയും കണ്ടെത്തി കഴിവുകൾ പരിപോഷിപ്പിക്കാനും വായനയുടേയും നിറച്ചാർത്തുകളുടേയും വിസ്മയ ലോകത്തേക്ക് വിടർന്നു പറക്കാനും അവസരമൊരുക്കുകയാണ് ''സാക്ഷ്യം''.

കുട്ടികളുടെ നൈസർഗിക ഭാവനയിൽ വിരിയുന്ന ഉല്പന്നങ്ങളെ സാങ്കേതിക  വിദ്യകളുടെ  സാധ്യതകൾ പ്രയോജനപ്പെടുത്തി  വർണ്ണങ്ങളിലും വരകളുടെ രൂപത്തിലും  സന്നിവേശിപ്പിച്ചാണ് ഈ മാസിക ഒരുക്കിയത്.

കൂടുതൽ കുട്ടികളെ വായനയുടെയും ഭാവനയുടേയും ചിന്തകളുടേയും വഴിയിലേക്കെത്തിക്കാനാണ്   ഈ പ്രക്രിയയിലൂടെ ശ്രമിക്കുന്നത്. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്നാണ് ഇത് രൂപകല്പന ചെയ്തതെന്നത് ഏറെ സംതൃപ്തി നൽകുന്നതാണ് .

''സാക്ഷ്യം''  കുട്ടികളിൽ എഴുത്തിന്റെ താളമുണ്ടാക്കി: വായനയുടെ പൂക്കാലം വിരിയാൻ സഹായകമാകുമെന്ന പ്രത്യാശയോടെ....

ഹെഡ്മിസ്ട്രസ്സ്
ശ്രീജ കെ

# സാക്ഷ്യം
നിറവാർന്ന കാഴ്ചകൾക്ക്

**എഡിറ്റോറിയൽ ബോർഡ്**

ശ്രീജ കെ
അബ്ദുൾ ഹമീദ്
പ്രകാശ് പി വി
രശ്മി കെ
ചിത്ര സി വി
സജിത പി
സുധൻ എം വി

കവർ ചിത്രം
നഷ മറിയം
പുണ്യ എൻ ഡി

വര
ലബീബ് കെ പി
അഫ്രീദ് എ
അഞ്ജന പി
ശിവ പി പി

സപ്പോർട്ട്
നിവേദ് കെ
അച്യുത് ബിൻ സുരാജ്
സാനിയ വി വി

കവിത



4 അമ്മ
**നഹല നസറിൻ പി.പി**


6 മഴ വന്നാൽ മഴ പെയ്താൽ
**ആര്യനന്ദ സി**

7 എന്റെ കുടുംബം
**ധനുശ്രീ എസ്**

10 കാലവർഷം
**സബന മാർജാൻ കെ വി**

പ്രകൃതി
**ശ്രീഷ്മ സി.പി**

12 DREAMS
DRISHYA.A



കഥ


5 എല്ലാവർക്കും തുല്യത
**ആര്യനന്ദ സി**


9 അപ്പുവിന്റെ പിറന്നാൾ
**ശിവദ ശിവദാസൻ കെ പി**

18 പാച്ചുവിന്റെ സ്വപ്നം
**നന്ദന എ**

21 ആനക്കുട്ടിയുടെ വികൃതികൾ
**ഫഹിമ/ഫാത്തിമ ഷെറിൻ**

24 വണ്ടിന്റെ വെല്ലുവിളി
**ഫാത്തിമ സഫ**





# അമ്മ

നഹല നസറിൻ പി.പി

തേൻതുള്ളിപോൽ
മധുര നാമമാണമ്മ
അമ്മ തന്നെയാണെൻ
ജീവന്റെ പാതിയും
മനസ്സിലലട്ടും
വിഷമങ്ങളല്ലൊം
അമ്മയെ കാണുമ്പോൾ
മാഞ്ഞുപോയിടും
അമ്മയാണെന്റെ ഉയിരും ഉലകവും
അമ്മക്കു നൽകും ഞാൻ
എന്നുമെൻ പൊന്നുമ്മ.
അമ്മ എന്ന വാക്കിനു
അത്രമേൽ പുണ്യം
ഭൂമിയിൽ പിറന്ന നാൾ
അമ്മേ വിളിച്ചാണ് ഞാനും
പിറന്നത് ■



# എല്ലാവർക്കും തുല്യത

ആര്യനന്ദ സി



ദീവി എന്ന കാട്ടിൽ ഒരു മരമുണ്ടായിരുന്നു. എല്ലാ വൃക്ഷങ്ങളെക്കാൾ വ്യത്യസ്തമാണ് ആ മരം. ഒരുപാട് വർഷം പഴക്കമുള്ള മരമാണത്. ഇതുവരെ ആ മരത്തിൽ ഒരു പഴം പോലും കിട്ടിയിട്ടില്ല. ഒരു ദിവസം ആ മരത്തിൽ ഒരു പൂവുണ്ടായി. ആ പൂവിന്റെ മണം കാട് മൊത്തം പരന്നു. പതുക്കെപ്പതുക്കെ ആ പൂവ് ഫലമായി മാറിക്കൊണ്ടിരുന്നു. ഇതു കണ്ടു മൃഗങ്ങൾ സന്തോഷിച്ചു. ഈ കാഴ്ച കണ്ടു സന്തോഷിച്ചത് കുരങ്ങൻമാരായിരുന്നു. കാരണം, അവർക്കാണ് മരം കയറാൻ അറിയുക. പഴം പഴുത്തു. ഒരു കുരങ്ങൻ ആ പഴം പറിച്ച് എല്ലാ മൃഗങ്ങൾക്കും മുറിച്ച് ഒരുപോലെ കൊടുത്തു. വലിയ പഴമാണ്. ചക്കയെക്കാൾ വലുപ്പമുള്ള പഴം. എല്ലാവരും ആ പഴം ആസ്വദിച്ച് കഴിച്ചു. എല്ലാ അഞ്ചു വർഷം കൂടുമ്പോൾ ആ പഴം പാകമാകും. എല്ലാവരും കൂടി അതു മുറിച്ച് കഴിക്കും. ■

# മഴ വന്നാൽ മഴ പെയ്താൽ

ആര്യനന്ദ സി

മഴ മഴ മഴ പെയ്തു,
കുളങ്ങളെല്ലാം നിറഞ്ഞൊഴുകി.
വെള്ളമെല്ലാം പൊങ്ങിവന്നു.
മീനുകൾ എല്ലാം കുളത്തിലെത്തി.
വെള്ളത്തിലാകെ മീനുകൾ മാത്രം
കാണാൻ എന്തൊരു രസമാണ്.

മഴ മാറിയതോടെ,
കുളങ്ങളെല്ലാം വറ്റിപോയി
വെള്ളമെല്ലാം താഴ്ന്നുപോയി,
മീനുകളെ കാണാതായി.
കാണാൻ തീരെ രസമില്ല.
മീനുകളെല്ലാം എവിടെ
പോയോ ആവോ?




# എന്റെ കുടുംബം

ധനുശ്രീ എസ്

പ്രകൃതിയുടെ കുടുംബം
എന്റെ വീട്ടിലെ കുടുംബം
പൂന്തോട്ടമെന്ന കുടുംബം
പ്രകൃതിയുടെ കുടുംബം
കൊച്ചുപൂക്കളും തേനീച്ചയും
പൂമ്പാറ്റകളും പുഴുക്കളും
ഒത്തുചേർന്നൊരു പൂന്തോട്ടം
ഒത്തുചേർന്നൊരു കുടുംബം
കൂട്ടുകുടുംബത്തിനുദാഹരണം
മാനവർക്കുള്ള മാതൃക
പ്രകൃതിയും കൂട്ടും
തന്നെയല്ലോ
നമ്മുടെ ആശ്വാസകാഴ്ചകൾ
പൂന്തോട്ടം എന്റെ പൂന്തോട്ടം
പൂന്തോട്ടമാകുമെൻ കുടുംബം
പൂന്തോട്ടം എന്റെ പൂന്തോട്ടം
സന്തോഷം പൂക്കുമെൻ
കുടുംബം ■







## മുഹമ്മദ് മുഷ്താക്

എന്റെ ഹോബി ചെടിവളർത്തി ഗാർഡനുണ്ടാക്കലാണ്. ഒരു ദിവസം, മാമന്റെ പേരക്കുട്ടികൾ വീട്ടിൽ വന്നു. അങ്ങനെ ഞാൻ ഒരു പാത്രത്തിൽ ചെടി നട്ടു. ആ പാത്രം നീളമുള്ളതായിരുന്നു. ഒരുപാത്രംകൂടിവച്ചു. അത് ചോർച്ചയില്ലാത്ത പാത്രമായിരുന്നു. ആ ചെറിയ പാത്രം കഴുകി വലിയ പാത്രത്തിൽ വച്ചു. വലിയ പാത്രത്തിൽ മണ്ണുനിറച്ചു. അതിൽ ചെടിവച്ചു. ചെറിയ പാത്രത്തിൽ വെള്ളവും അതിൽ ഗപ്പിമീനിനെ ഒരു ജോടിയെ ഇട്ടു. അത് എടുത്ത് മുറ്റത്തെ പച്ച പുല്ലിൽ വച്ചു. എന്നിട്ട് കാറ്റുപോയപന്തും ഒരു ടയറും ഒരു കസേരയും വച്ചു. ഒരു കുഞ്ഞു പെയിന്റ് ബക്കറ്റ് കമഴ്ത്തി വച്ച് അതിന്റെ മൂടി മുകളിലും വച്ചപ്പോൾ ടേബിൾ ആയി. അങ്ങനെ അവിടിരുന്നു. പിന്നീട് ചിരട്ടകൊണ്ട് വേലി കെട്ടി. എന്നിട്ട് ഞാൻ കസേരയിലിരുന്നു. എനിക്ക് ഒരു പ്രശ്നം ഉള്ള കാരണം ബാക്കി രണ്ടുപേരും കാറ്റ് പോയ പന്തിലും പഞ്ചറായ ടയറിലുമിരുന്നു. വൈകീട്ട് ഞങ്ങൾ ചായയും മിച്ചറുമായിവന്ന് അവിടിരുന്നു. കൊച്ചുവർത്തമാനം പറഞ്ഞു ചായകുടിച്ചു. രാത്രി LED ബൾബ് എടുത്ത് വീട്ടിൽ നിന്ന് കരണ്ട് വലിച്ച് ബൾബ് ഹോൾഡറിലിട്ടു. വലിയ ഏട്ടന്മാരെല്ലാവരും കൂടി പുറത്ത് ഞങ്ങളുമായി കഴിക്കാൻ പോയി. എന്നിട്ട് വീട്ടിൽവന്ന് ഉറങ്ങി.

# അപ്പുവിന്റെ പിറന്നാൾ

ശിവദ ശിവദാസൻ കെ പി



ഇന്നു അപ്പുവിന്റെ പിറന്നാളാണ്. അപ്പുവിന്റെ വീട് ചെറുതാണ്. അവന്റെ അച്ഛന്റെ കൈയിൽ പണമില്ല. അപ്പോൾ അപ്പു ചിന്തിച്ചു, ക്ലാസിൽ എല്ലാവരും മിഠായി കൊണ്ടു വരും. എന്റെ വീട്ടിലുമാത്രം അതു വാങ്ങാൻ പണമില്ല. അങ്ങനെ അപ്പു അവന്റെ അച്ഛനോട് ചോദിച്ചു. അച്ഛൻ പറഞ്ഞു പണമില്ലായെന്ന്. അതുകൊണ്ട് അടുത്ത പിറന്നാളിന് വാങ്ങിതരാമെന്ന്. അപ്പുവിന് സങ്കടമായി. അപ്പു കിടന്നുറങ്ങുമ്പോൾ അടുക്കളയിൽ മിഠായിയും കേക്കും. രാവിലെ എഴുന്നേറ്റപ്പോൾ അപ്പു അത് കണ്ടു. അപ്പുവിനു സന്തോഷമായി. അപ്പു സ്കൂളിലേക്ക് മിഠായി കൊണ്ടു പോയി. അപ്പു സ്കൂളുവിട്ടുവന്നു അവന്റെ അച്ഛനുമമ്മയും കൂടി അവന്റെ കൂട്ടുക്കാരെ വിളിച്ചു പിറന്നാൾ ആഘോഷിച്ചു. അടുക്കളയിൽ എങ്ങനെ കേക്കും മിഠായിയുമെത്തി എന്നാകും നിങ്ങൾ ചിന്തിക്കുന്നത്. അപ്പുവിന്റെ വിഷമം കണ്ട അച്ഛൻ തന്റെ പിറ്റേ ദിവസത്തെ കൂലി മുതലാളിയുടെ അടുത്തുപോയി വാങ്ങി അവനൊരു സർപ്രൈസ് കൊടുക്കാനായി കേക്കും മിഠായിയും അടുക്കളയിൽ കൊണ്ടുവച്ചു. മാതാപിതാക്കൾ ഇങ്ങനെയാണ്. അവരുടെ മക്കളുടെ സന്തോഷത്തെക്കാൾ വലുതായി അവർക്കൊന്നുമില്ല. ■

# കാലവർഷം

## സബന മാർജാൻ കെ വി

ചേമ്പില ചൂടി പള്ളികൂടത്തിലേക്കും
സ്ലേറ്റ് ചൂടി വീട്ടിലേക്കും ഓടിയ
കുട്ടിക്കാലം ഓർമയാകുന്നു.
കാലവർഷം ഇതാ ന്യൂനമർദ്ദത്തേ
യും കാത്തിക്കുന്നു.



# പ്രകൃതി

## ശ്രീഷ്മ സി. പി

ചിലമ്പും പക്ഷികൾ
ഓരിയിടും മൃഗങ്ങൾ
സുമങ്ങളിൽ തേൻ നുകരാൻ
മൂളിയെത്തും വണ്ടുകൾ
പൂക്കളിൽ പരതി നടക്കാൻ
പാറിയെത്തും പൂമ്പാറ്റകൾ
ഒഴുകി കുതിക്കുന്ന
തെളിനീർനദി
തിരയുമായി എത്തുന്ന
കടൽക്കാറ്റ്.
എത്ര സുന്ദരം ഈ പ്രകൃതി.



# എന്റെ പ്രളയകാല അനുഭവം

**കീർത്തന ടി പി**

പ്രളയം വളരെയധികം ദുരിതം വിതച്ച ഒരു പ്രകൃതി ദുരന്ത മാണ്. കേരളത്തിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും ഇതു വലിയ ഒരു ദുരന്തം ഉണ്ടാക്കി. കെടുതികളും പ്രയാസങ്ങ ളും ഉണ്ടാക്കി. കുറേ ആളു കൾക്ക് അവരുടെ വീടുകൾ നഷ്ടപ്പെട്ടു. വീട്ടു സാധന ങ്ങളും വസ്ത്രങ്ങളും മറ്റും ഉപയോഗശൂന്യമായി. കേര ളത്തിലെ എല്ലാ ആളുകളും ജാതിമതഭേദമന്യേ ഒറ്റക്കെട്ടാ യി രോഗികളെയും വീടുകൾ നഷ്ടപ്പെട്ടവരെയും ആശുപത്രി കളിലും ദുരിതാശ്വാസക്യാമ്പു കളിലും എത്തിച്ചു.

പ്രളയം കേരളത്തിലെ ജനങ്ങ ളെ ജാതിമതവേർതിരിവില്ലാതെ പോരാടാൻ പ്രേരിപ്പിച്ചു. എന്നാൽ കേരളത്തിലെ ഒറ്റപ്പെട്ട സ്ഥലങ്ങ ളിൽ മാത്രമാണ് പ്രളയമുണ്ടാകാതി രുന്നത്. അവർ ദൃശ്യമാധ്യമങ്ങളി ലൂടെയും റേഡിയോകളിലൂടെയും പ്രളയത്തെ കേട്ടറിഞ്ഞു. കറിഞ്ഞു. പ്രകൃതിദുരന്തം അനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ സർക്കാ റും മുന്നോട്ടിറങ്ങി. അതും വളരെ നല്ലൊരു കാര്യമായിരുന്നു.

പ്രളയം വളരെയധികം ദുരന്തവും പ്രയാസവും വിതച്ചെങ്കിലും നാട്ടു കാരെ ഹിന്ദുവെന്നോ മുസൽമാനെ ന്നോ ക്രിസ്ത്യാനിയെന്നോ എന്ന വേർത്തിരിവില്ലാതെ നിൽക്കാൻ വളരെയധികം സഹായിച്ചു.



# DREAMS


DRISHYA.A

Hold fast to dreams
Maybe they will change our
lives
It is not enough to just
dream
you have to work hard to
make
Those dream come True.

# RAINBOW

SARAMGI SUNISH

I see a rainbow of colours
Way up, way up high
Long, long lines of
colours,
Bent across the sky,
I can paint a rainbow
Paint it with my hands,
Up and over, up and over
And down across the land.
First comes in red and orange,
Then yellow and green
Last comes blue and purple
Colours that I have seen



# A Child Of Palestin

SABAHATH.E.P



What happened to me?
Where I am?
Where is my playmate?
Who walked around
me?
Where are those safe
hands?
That hold me tight
I remember nothing but
a deafening scream
I see some scattered
lives
And ruined buildings
around me
Who hears my cry
Who will help me to rise
from here
Will my scattered
dreams come true?
My cries are all in vain
Because I am a child of
Palestine

# A RAINY SEASON

SHAHANA SHARIN

Rain falling in barren land
Rain is gift of god
Oh! Rain you such as
amazing one in nature
Everyone enjoy in rain
Clouds are filling up sky
Farmers are waiting for
rain
Peacock comes and
dancing in the rain
The fields sway and play in
the rain

Rivers and ponds are
filled with water
it gives us everything
Without expecting
anything
Every drops of rain like
pure and love
Children love to play in
the rain
In the rain sorrows are
replaced by happiness



# Oh! rainbow,

SHREESHMA CP

Oh! rainbow, oh rainbow
How lovely are your
colours
Oh! rainbow, oh! Rainbow
How lovely are your
colours
Purple red orange too
Yellow green and orange
so true
Oh! rainbow, oh rainbow
How lovely are your
colours



# വിശപ്പ്

അനന്യ പി പി



സ്വർഗ്ഗമാം സുഖം
അനുഭവിക്കാൻ
വിശപ്പില്ലാത്ത  കുറച്ചു
നാൾ മതി
ജീവൻ വെടിയുന്നതിനപ്പുറമാം
വിശപ്പ്പിൻ താപം

വിശപ്പിൻ താപം
അറിഞ്ഞവർക്കേ
ഒരു പിടി നെല്ലിൻ
വിലയറിയൂ...

# പാച്ചുവിന്റെ സ്വപ്നം

നന്ദന എ




പാച്ചു ചെറുപ്പത്തിലെ വൈകല്യം ബാധിച്ചിരുന്ന കുട്ടിയാണ്. അവൻ വളരും തോറും അവന്റെ വൈകല്യപ്രശ്നങ്ങൾ കൂടിവരുന്നു. അവന് സകൂളിൽ പോകണമെങ്കിൽ ഒരാളുടെ സഹായം ആവശ്യമാണ്. പാച്ചുവിന്റെ വീട്ടിലെ കുട്ടികള് അവനെ കളിയാക്കി ചിരിച്ചപ്പോൾ അവന് വാശിയായി.

എന്നാൽ അവന്റെ രോഗം മൂലം അവന് പ്രയത്നിക്കാൻ കഴിയുന്നില്ല. എന്നാൽ അവന്റെ ഉള്ളിലെ വാശിയെ അവൻ മുന്നോട്ടു കൊണ്ടുപോയി. അതിനുവേണ്ടി അവൻ പരിശ്രമിച്ചുകൊിരുന്നു. അവൻ ഒരുപാട് ഉയരങ്ങളിലേക്ക് എത്താൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഒരു നന്മമനസ്സുള്ള അവനെ സഹായിക്കാൻ കഴിയുക. പാച്ചു ഒരുദിവം അത്തരമൊരാളെ കണ്ടുമുട്ടി. ദൈവം അവനുവേണ്ടി അയച്ച



ദൈവദൂതനെ പോലെ. അവന്റെ
പേര് അപ്പു. പാച്ചുവിന് അപ്പു
ഒരുപാട് സഹായങ്ങൾ ചെയ്തു
കൊടുത്തു. അവന്റെ കൂടെ പ
ഠിക്കാനും കളിക്കാനും അവന്
ഒരുപാട് സഹായങ്ങൾ ചെയ്തു
കൊടുത്തു. ഒരു കാര്യവും ചെ
റുതല്ലെന്ന് പറഞ്ഞുകൊടുത്തു.
പ്രയത്നിച്ചാൽ മാത്രമാണ്
എന്തൊരു കാര്യവും നടക്കുക
യെന്ന് അപ്പു മനസ്സിലാക്കിച്ചു.
പാച്ചു തന്റെ വൈകല്യം മറന്ന്
തനിക്ക് ഉയരങ്ങളിലെത്തണമെ
ന്ന് അവൻ മനസ്സിൽ കരുതി.
അതുപോലെ തന്നെ അവൻ
അതിനുവേണ്ടി പ്രയത്നിച്ചു.
അതിലൂടെ അവൻ ഒരുപാട്
കാര്യങ്ങൾ പഠിച്ചു. അവന്റെ
വീട്ടുകാരെ അവൻ ഒരു
കാര്യവും ചെറുതല്ല അവന്റെ
പ്രയത്നം ഒരുപാടായി അവന്റെ
അപ്പുവാണ് അവന് ഒരു കാര്യ
വും ചെറുതല്ലെന്നു മനസ്സിലാ
ക്കിപ്പിച്ചത്. അവന്റെ വൈകല്യം
മാറാൻ ഒരുപാട് പരിശ്രമിച്ചു.
അതിനു കുറച്ച് കുറച്ചു ഫലം
വന്നു.

അവൻ പല
മുത്തശ്ശികഥകളും വായിച്ചു.
അവന്റെ പ്രയത്നം നിർത്തില്ല

എന്നവൻ തീരുമാനിച്ചു. പാച്ചു
പല ഡോക്ടർമാരുടെ നിർദേശ
ങ്ങൾ ഒരുപാട് കാര്യങ്ങൾ പഠിച്ചു.
ഇതുക് പാച്ചുവിന്റെ വീട്ടുക്കാർ
അവനെ കളിയാക്കാതെ അവനെ
പ്രോത്സാഹിപ്പിച്ചു. അവന്റെ കാ
ലുകൾക്ക് ചലനമുണ്ടായി. അങ്ങ
നെ അഞ്ചുവർഷം കടന്നുപോയി.
അവൻ വലിയ പഠിക്കുന്ന കുട്ടി
യായി. അവന്റെ കാലുകൾക്ക് പ
ൂർണചലനം ലഭിച്ചു. പാച്ചുവിന്റെ
വീട്ടുകാർ അവനെ ഒരു വലിയ
സ്കൂളിൽ വിട്ടു അവനെ പഠി
പ്പിച്ചു. പാച്ചു ഒരു വലിയ നിലയിൽ
എത്തി. അവൻ ഒരു പക്വതയുള്ള
കുട്ടിയായി. അവൻ പാവപ്പെട്ട
വീടുകളിലെ വൈകല്യമുള്ള കു
ട്ടികളെ ശുശ്രൂഷിക്കാൻ തുടങ്ങി.
അവന് തന്റെ കഥകളെല്ലാം ഓർമ
വന്നു. അപ്പോഴാണ് പാച്ചു തന്റെ
എല്ലാ കാര്യങ്ങൾക്കും കൂട്ടുനിന്ന
കൂട്ടുകാരനെ ഓർമവന്നത്.
അവനെ തിരഞ്ഞുള്ള യാത്രയായി.
അങ്ങനെ ഒരു തെരുവിൽ അനാ
ഥകുട്ടികളുടെ കൂടെ അപ്പു നിൽ
ക്കുന്നു. പാച്ചു
അവന്റെ പേരെടുത്തു
വിളിച്ചു. അപ്പൂ...... തമ്മിൽ കു
മുട്ടിയ സന്തോഷത്തിൽ കണ്ണുന
ിറഞ്ഞു പോയി. പാച്ചു ആ അനാ
ഥകുട്ടികളെ വീട്ടിലേക്കു കൊുപേ
ായി. അവർക്ക് നോക്കാൻ പറ്റുന്ന
രീതിക്കു സുശ്രൂഷിച്ചു. അവർ
സന്തോഷത്തോടെ കുടുംബത്തി
നോ
ടൊപ്പം ജീവിച്ചു. ■

കവിത

# മനുഷ്യൻ

## വൈശാഖ് ഉണ്ണികൃഷ്ണൻ



ചെറു കണികയിൽ തുടങ്ങി
ചുമന്നവളെ ചവിട്ടിയും
ചുരന്നത് നുകർന്നും
ചിലച്ചു ചരിച്ചും
ചുമലിലേറിയും ചാരെ നടന്നും.
ചികഞ്ഞും ചായമിട്ടും
ചെരിഞ്ഞും ചമഞ്ഞും
ചിന്തിച്ചും ചിട്ടയാക്കിയും
ചിറകുയർത്തിയും ചിറകറ്റും
ചിലരെ നിനച്ചും തേടിയും
ചിതയായും ചിതൽ തിന്നും
ചുമരിലോടുവിൽ ചില്ലിലമർന്നു. ■

# ആനക്കുട്ടിയുടെ വികൃതികൾ

ഫഹിമ/ഫാത്തിമ ഷെറിൻ



ഒരു കാട്ടിൽ കുറേ ആനക്കുട്ടികൾ ഉായിരുന്നു. ഇവർ കാട്ടിൽ പലതരം കളികൾ കളിക്കുമായിരുന്നു. ഒരു ദിവസം ഒരാനക്കുട്ടി കളിക്കഴിഞ്ഞ് തന്റെ അച്ഛന്റേയും അമ്മയുടേയും അടുത്തേക്ക് പോകുകമ്പോൾ ഒരു പ്ലാവ് കണ്ടു. ആനക്കുട്ടി ഒരു വികൃതിക്കാരനായതുകൊണ്ട് അവൻ ഏതൊരു വൃക്ഷം കാലും അതിലുള്ള പഴങ്ങളെല്ലാം പറിച്ച് തിന്നുകയും കുറച്ച് വെറുതേ നശിപ്പിക്കുകയും ചെയ്യും. അപ്പോൾ ആനക്കുട്ടി ഈ പ്ലാവിലെ ചക്കകളെല്ലാം പറിച്ച് ഒരു ശ്രമം നടത്തി. പക്ഷെ ആ ശ്രമം പരാജയപ്പെട്ടു. ആനക്കുട്ടൻ വിഷമിച്ച് വീട്ടിലേക്ക് പോയി. ■

# മഞ്ഞ പൂവ്

ആര്യനാരായണൻ സി



പൂവ് നല്ല പൂവ്
മണമേറും പൂവ്
മഞ്ഞനിറത്തിലെ പൂവ്
എന്തു രസമാപൂവ്


കാണാൻ നല്ല ചന്തം
മനം കുളിർക്കും ചന്തം
കാറ്റിനോടൊപ്പം ആടിര
സിക്കും
എന്തു രസമാ പൂവ്.

തോട്ടത്തിലുമുണ്ട്
വീട്ടിലുമുണ്ട്
മഞ്ഞനിറത്തിലം പൂവ്
നോക്കൂ....നോക്കൂ....
ഈ ചന്തമുള്ള പൂവ്.

# പൂമ്പാറ്റ

ഫൈഹ ഫാത്തിമ





പുള്ളിചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പൂവുകൾ തോറും പാറി
നടക്കും
തേൻ നുകരുന്നൊരു
പൂമ്പാറ്റേ
പുള്ളിചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
ഒരു നിമിഷം നീ നിന്നാട്ടെ
ചിറകിൽ ഞാനൊന്നു
തൊട്ടോട്ടെ
പുള്ളിചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ










# നിർമിതബുദ്ധി: ഇന്നത്തെ അത്ഭുതം, നാളെത്തെ പേടിസ്വപ്നം

**നിവേദ് കെ**





നിർമിതബുദ്ധി എന്ന വാക്ക് ഇന്ന് എല്ലായിടത്തും പരിചിതമാണ്. നിർമിതബുദ്ധി അപകടമാണ് എന്ന വാദം മുഴക്കുന്നവരുമിന്നുണ്ട്. ശരിക്കുമീപ്പറയുന്ന നിർമിതബുദ്ധി അപകടമായ ഒരു മുഖവും കൗതുകമായി നാം നോക്കിയിരുന്നുപോകുന്ന സുന്ദരമായ, അതിലേറെ ഭാവനയേറിയ, മനുഷ്യൻ നിർമിച്ച മനുഷ്യന്റെ ബുദ്ധിയാണ് നിർമിതബുദ്ധി.
നിങ്ങൾക്ക് സെക്കന്റുകളിൽ ഏഴുത്തുകാരനോ, മറിച്ച് ചിത്രകാരനോ ആവാം. നിങ്ങളുടെ ആജ്ഞകേട്ട് പ്രവർത്തിക്കുന്ന, നിങ്ങളെ സഹായിക്കാനും, നിങ്ങൾക്കുവേണ്ടി എഴുതാനും വരയ്ക്കാനുമൊക്കെ കഴിവുള്ള ഒരു സുഹൃത്ത്.
കൗതുകകരമായ മുഖത്തെ പറ്റി ഇത്രയും വർണ്ണിച്ച സ്ഥിതിക്ക് ഇതിന്റെ കുറ്റതെറ്റുകളും ഇതൊക്കെ എങ്ങനെ മനുഷ്യരാശിയെ ബാധിക്കുന്നുവെന്നും നോക്കാം. പറയുമ്പോൾ ലിയനാർഡോ ഡാവിഞ്ചിയെ പോലെ ചിത്രം
വരയ്ക്കുന്ന, പറയുമ്പോൾ ജ്ഞാനപീഠപുരസ്കാരജേതാവിനെപ്പോലെ എഴുതുന്ന ഈ കൗതുകസൃഷ്ടി അപകടമാകുന്നതെങ്ങനെ? സ്വാഭാവികമായും നിങ്ങളിലുയർന്ന ചോദ്യമാകുമിത്.
വേൾഡ് ഇക്കണോമിക്സ് ഫോറം (ഡബ്ലിയു.ഇ.എഫ്) റിപ്പോർട്ട് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 1.4 കോടി (14 മില്യൺ) ജോലിക്കാരുടെ ജോലി പോകും എന്നു പറയുന്നു.
ഇപ്പോൾ മനസ്സിലായില്ലേ നിർമിതബുദ്ധിക്ക് രണ്ടുമുഖമുണ്ട് എന്നത്.
നിങ്ങൾക്ക് ഇവ ഉപയോഗിച്ചുനോക്കാൻ താല്പര്യമുണ്ടെങ്കിൽ പ്രമുഖ ചാറ്റ്ബോട്ടുകളും ഇമേജ് ജനറേറ്ററുകളുമിതാ..
(ചാറ്റ് ജിപിടി, ഗൂഗിൾ ജെമിനി, ബിംഗ് ഇമേജ് ജനറേറ്റർ, ഡാൽ-ഇ)

# വണ്ടിന്റെ വെല്ലുവിളി

ഫാത്തിമ സഫ

ഒരിടത്തൊരു മരത്തണലിൽ ചാണകക്കൂമ്പാരത്തിനുള്ളിൽ ജീവിച്ചിരുന്ന ഒരു വണ്ട് ഉണ്ടായിരുന്നു. ചാണകപ്പുഴുക്കളായിരുന്നു അതിൻറെ ഭക്ഷണം. ഒരിക്കൽ ഒരു ആന ആ വഴി കടന്നുപോകുവാൻ ഇടയായി. ആനയ്ക്ക് നല്ല വിശപ്പുണ്ടായിരുന്നു. ആന മരത്തിൽ നിന്നും ഏതാനും കമ്പുകൾ അടർത്തി എടുക്കുവാൻ തുടങ്ങി. സൗഹൃദം പൂണ്ട വണ്ട് മൂളുവാൻ തുടങ്ങി. ശക്തനായ ആന ഇത് ശ്രദ്ധിച്ചില്ല. എന്നാൽ ചാണകത്തിന്റെ ദുർഗന്ധം അതിനു സഹിക്കുവാനായില്ല. സ്ഥലം വിട്ടു പോകാനൊരുങ്ങിയ





ആനയുടെ അരികിൽ വണ്ട് പറഞ്ഞെി ചോദിച്ചു, ''ഹേ ആനേ'' നിനക്ക് എന്നെ ശരിക്കും പേടിയാണല്ലെ? അതുകൊണ്ടാണല്ലോ നീ സ്ഥലം വിടുന്നത്. നിനക്ക് എന്നെ ശരിക്കും പേടിയായി.''ആനയ്ക്ക് ദേഷ്യം വന്നു. അവൻ ശക്തിയായി ഒന്നു ചീറി. വണ്ട് കണ്ണെത്താദൂരത്തേക്ക് പറന്നുപോയി. ഒന്നും സംഭവിക്കാത്തതു പോലെ ആന അവിടുന്നു നടന്നു പോയി.

അനുഭവക്കുറിപ്പ്

# വിനോദയാത്ര



## അയൻ ദേവ് എ പി

ഇന്ന് സ്ക്കൂളിൽ നിന്ന് ടൂറു പോവുകയാണ്. ആദ്യം ആന കോട്ടയിൽ പോയി നിറയെ ആനകൾ പിന്നെ ഫിഷ്‌ലാന്റിൽ പോയി ഷാർക്കിനെകണ്ടു. ഞാൻ വെള്ളത്തിൽ കാലിട്ടു. മീനെന്നെ കടിച്ചു. പിന്നെ പാർക്കിൽ പോയി. കുട്ടിസൈക്കിൾ ഓടിച്ചു. സ്ലൈഡിൽ കളിച്ചു. ടീച്ചറുടെ വീട്ടിൽ പോയി ജ്യൂസ് തന്നു. കടലിൽ പോയി. കടലിൽ കാലിട്ടു. ചേച്ചിമോൾ ഉപ്പിലിട്ട മാങ്ങ വാങ്ങി. കാറും വാങ്ങി തന്നു. ടൂർ അവസാനിച്ചു. ബസ്സിൽ കയറി. പൊരി ഡാൻസായിരുന്നു. വീട്ടിലെത്താൻ 7 മണിയായി. ചോറുണ്ടു കിടന്നു. ■

–

# ഞാൻ കണ്ട ഉത്സവം


## ഫാത്തിമ വഫ വിവി

എന്റെ നാട്ടിലെ വലിയ ഉത്സവമാണ്. വല്ലോലപ്പാടം ഭഗവതി ക്ഷേത്രത്തിലെ ഉത്സവം. ഞങ്ങൾ വൈകുരേം 4 മണിയാകുമ്പോൾ മുറ്റത്ത് പൂരത്തിന്റെ വരവും കാത്ത് നിൽക്കും. ചെണ്ടമേളക്കാരും പല വർണ്ണത്തിലുള്ള കാവടിയും പലതരം രൂപത്തിലുള്ള വരുമുണ്ടായിരുന്നു. നെറ്റിപ്പട്ടം കെട്ടി മുത്തുക്കുട ചൂടിയ ആന മുമ്പിൽ നടു. മേളക്കാർ തകർത്ത് കൊട്ടി. അങ്ങനെ ഘോഷയാത്ര നീങ്ങി. രാത്രി അപ്പാപ്പന്റെ കൂടെ ഉത്സവ പറമ്പിലേക്കുപോയി. കണ്ണഞ്ചിപ്പിക്കുന്ന കാഴ്ച. ബലൂ, കളിപ്പാട്ടങ്ങൾ, മാല, വള, പലഹാരങ്ങൾ..... ഉത്സവം പൊടിപൂരം. ■



# ആൽമരം നൽകിയ തിരിച്ചറിവ്

**മുഹമ്മദ് ഫായിസ്**



ഒരു ദിവസം ഒരാൾ കാട്ടിലൂടെ മഴുവെടുത്ത് പോവുകയായിരുന്നു. അപ്പോൾ അയാൾ വലിയ ഒരു ആൽമരം കണ്ടു .അയാൾ അതിന്റെ അടുത്തേക്ക് പോയി.

മഴു കൊണ്ട് വെട്ടാൻ നേ രത്ത് ആ മരം പറഞ്ഞു. ' എന്നെ വെട്ടരുത്' അപ്പോൾ അയാൾ ചോദിച്ചു. ഞാൻ തന്നെ വെട്ടിയാൽ എന്ത് സംഭവിക്കും ? അപ്പോൾ ആ മരം പറഞ്ഞു - എന്നെ വെട്ടിയാൽ നിങ്ങൾക്ക് ഓക്സിജൻ കിട്ടുകയില്ല. നിങ്ങൾ ഓക്സിജൻ കി ട്ടിയില്ലെങ്കിൽ നിങ്ങൾ മരിച്ചുപോകും .അയാൾ ചോദിച്ചു. ഇവിടെ വേറെ



കുറെ മരങ്ങൾ ഉണ്ടല്ലോ!
മരം പറഞ്ഞു – നിങ്ങൾ മാത്രമല്ല മരം വെട്ടുന്നത് .വേറെ കുറെ ആളുകളും മരം വെട്ടുന്നുണ്ട് .അതു കേട്ടയാൾ പറഞ്ഞു .അവർ ഒന്നോ രണ്ടോ മരങ്ങൾ അല്ലേ വെട്ടുന്നത് ?. ഒന്നു നിർത്തി മരം തുടർന്നു. ഇങ്ങനെ ഒന്നോ രണ്ടോ മരങ്ങൾ വെട്ടുമ്പോൾ ഇവിടെ മരങ്ങൾ ഉണ്ടാവുകയില്ലല്ലോ. അവയെല്ലാം നശിച്ചു പോ
കും. അപ്പോൾ ഭൂമി ഒരു വിശാലമായ മരുഭൂമിയാകും .അപ്പോൾ ഭൂമിയിൽ ആരും ഉണ്ടാവുകയില്ല ,നിങ്ങൾ കാട്ടിൽ പോയി എത്ര മരങ്ങൾ വെട്ടി അവിടെ നിങ്ങൾ 10 ചെടികൾ വെക്കണം. ഒരു
ചൊല്ലുണ്ട് ഒരു മരം വെട്ടിയാൽ 10 മരം
നടണം നമുക്ക് രോഗങ്ങൾ ഉണ്ടാകുന്നത് അന്യ രാജ്യത്ത് നിന്ന് ഭക്ഷണങ്ങൾ കൊണ്ടുവ രുന്നതു കാരണമാണ്. അത് മരുന്നുകൾ അടിച്ച പഴങ്ങളും പച്ചക്കറികളും ആണ് .നിങ്ങൾക്ക് സ്വന്തമായി ഉണ്ടാക്കിക്കൂടെ? അപ്പോൾ നിങ്ങൾക്ക് രോഗം വരുകയില്ല. അപ്പോഴാണ് മരം വെട്ടുകാരൻ തന്റെ പ്രവൃത്തികളുടെ പരിണിത ഫലങ്ങളെ കുറിച്ച് ആലോ ചിച്ചത്.തങ്ങൾ അടങ്ങിയ മനുഷ്യസമൂഹത്തെ ഇത്തരം പ്രവൃത്തികളിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുമെന്ന ഉറപ്പ് മരത്തിന് നൽകി അയാൾ പിന്തിരിഞ്ഞ് നടന്നു. ■

# പ്രകൃതി എന്ന മാതാവ

ശിവന്യ ശിവദാസൻ

അപ്പൂ .. അപ്പൂ ..അമ്മ വിളിച്ചു എന്താ അമ്മേ? എത്ര തവണ പറഞ്ഞിട്ടുണ്ട് നിന്നോട് മഴയത്ത് ചെളിയിൽ കളിക്കരുതെന്ന് ഇല്ല അമ്മേ ഇനി കളിക്കില്ല ശരി വന്ന് വല്ലതും കഴിക്ക് .അമ്മേ മഴ എങ്ങനെയാ ഉണ്ടാകുന്നത്? അതെല്ലാം ഭൂമിയുടെ മായാജാലം! അപ്പോൾ കടലോ ?കിളികളോ? സസ്യങ്ങളോ? നമ്മൾ മനുഷ്യരോ ?അപ്പുവിന്റെ ചോദ്യം കേട്ട് അമ്മയുടെ തല പുകഞ്ഞു. പൊയ്ക്കോ ... അമ്മ അപ്പുവിനെ വഴക്കു പറഞ്ഞു .


അപ്പു വിഷമിച്ചു മുത്തശ്ശന്റെ അടുത്ത് പോയി. മുത്തശ്ശാ... എൻറെ കുട്ടി വന്നോ ? അപ്പു മുത്തശ്ശനോട് എല്ലാ സംശയവും ചോദിച്ചു . നീ ഒരു കാര്യം ചെയ്യ് മുത്തച്ഛൻറെ മുറിയിലെ വായന മൂലയിൽ ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന പുസ്തകമുണ്ട് അത് എടുത്തിട്ട് വാ .. ശരി മുത്തശ്ശാ.. അന്ന് രാത്രി ആ പുസ്തകം വായിച്ചാണ് കിടന്നത് വായിച്ചപ്പോൾ അവന് എന്തെന്നില്ലാത്ത ആഹ്ലാദം ! അവൻ അമ്മയോട് ചോദിച്ചു പ്രകൃതി ദൈവമാണോ അമ്മേ ? അമ്മ അവൻറെ മുഖത്ത് നോക്കി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു അതെ പ്രകൃതി ദൈവമാണ് ! കോടാനുകോടി ജീവജാലങ്ങളുടെ അമ്മയാണ് എന്നാൽ നമ്മൾ ഇപ്പോൾ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതക്ക് കണക്കില്ല ,അതു കൊണ്ടാണ് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നത്! പ്രകൃതിയെ നമ്മൾ സംരക്ഷിക്കണം. ജീവജാലങ്ങളെ പുനർ സൃഷ്ടിക്കണം , അപ്പു അന്ന് ഒരു കാര്യം മനസ്സിലാക്കി ,ഇനി ഒരിക്കലും പ്രകൃതിയെ ദ്രോഹിക്കില്ലെന്ന് പ്രകൃതി നമ്മുടെ അമ്മയാണ് കൂട്ടുകാരെ ....നാം ഓരോരുത്തരും കാണാതെ പോകുന്ന സൗഭാഗ്യം! ■

# ഞാൻ എന്ന ഒഴുക്ക്


നിവേദ്. കെ

ഉദിച്ചുകൊണ്ടിരിക്കുന്ന
സൂര്യനെ കണികണ്ടാണ്,
എന്റെ സുപ്രഭാതം
ഉണരുന്നത്.
കിളികളുടെ കിളിനാദ
ത്തിനു കാതോർത്താണ് ,
എന്റെ സുപ്രഭാതം
വിരാമം ഇടുന്നത്.
സുന്ദരമായ സൂനങ്ങൾ
പൊഴിക്കുന്ന സു
ഗന്ധത്തിലാണ് ,
എന്റെ ഒരു ദിനം കൂടി
കടന്നു പോകുന്നത്.
തിങ്കളും താരങ്ങളും
അണിനിരന്ന ദൃശ്യ
വിരുന്നിൽ അലിഞ്ഞു
ചേർന്നാണ്,
എന്റെ ഒരു രാത്രി കൂടി
ആരംഭിക്കുന്നത് .
ഇവയെക്കുറിച്ച് സ്വപ്നം
കണ്ടാണ്,
എന്റെ ഒരു രാത്രി കൂടി
വിട വാങ്ങുന്നത്.


ജ്യാമിതീയ പാറ്റേൺ



നിതീഷ് കെ




ഷഹാന വി



ശ്രീലക്ഷ്മി,



വിജയലക്ഷ്മി ടി




വിജയലക്ഷ്മി ടി



വൈഗ കെ വി





മുഹമദ് റഷാദ്

കഥ

# പ്രകൃതി എന്ന വിസ്മയം!


ആരാധ്യ വി പി

പ്രകൃതിയിൽ കാണുന്ന മഴ, കാറ്റ്, ചെടികൾ ഇവയൊക്കെ എന്തു മനോഹരമാണ്.! ഞാനൊരു യാത്ര പോയപ്പോൾ ഞാൻ ഒരു കാര്യം കണ്ടു. ഒരു മീൻകാരൻ കല്ല് ആയ പോലെ .അതിന്റെ കഥ അച്ഛൻ എനിക്ക് പറഞ്ഞു തന്നു .അത് ആ മീൻകാരൻ എന്നും ദേവിയോട് ചോദിക്കും ,മീൻ വേണോ ?-എന്ന് എന്നും ചോദിക്കും .അപ്പോൾ ദേവിക്ക് ദേഷ്യം വരും .അപ്പോൾ ആ മീൻകാരനെ ദേവി കല്ലാക്കി മാറ്റി. കഥ കേട്ടപ്പോൾ അഞ്ചാം ക്ലാസിലെ പ്രകൃതി പാഠം - എന്ന കഥ ഓർമ്മ വന്നു. പിന്നെഞാൻ യാത്ര പോയത് പ്രകൃതിയുടെ സുന്ദരമായകാഴ്ചക ളിലേക്കാണ്.അതിന്റെ പേര് ഒന്നും എനിക്കറ ിയില്ല .ഒരു പാറയുടെ ഉള്ളിൽ ഒരു അമ്പലം. ആ പാറയുടെ മുക ളിൽ നിറയെ മരങ്ങ ളും .പ്രകൃതിയുടെ അദ്ഭുതങ്ങൾ. പിന്നെ ഞങ്ങൾ വൈകുന്നേരം ആണ് അവിടെ എത്തിയത്. അതുകൊണ്ട് സൂര്യാ സ്തമയം കാണാൻ പറ്റി. എന്ത് മനോഹരമായിരുന്നു അവിടുത്തെ പ്രകൃതി കാണാൻ ..! ■

# സ്കൂൾ ടൂർ

ഫാത്തിമ വഫ

ഇന്ന് രാവിലെ ഞാൻ നല്ല ഉത്സാഹത്തിലായിരുന്നു. സ്കൂളിൽ നിന്ന് ടൂറ് പോവുകയാണ്. 9.30ന് സ്കൂളിലെത്തി. ടീച്ചർ കുട്ടികളെ എണ്ണി ബസ്സിൽ കയറ്റി. നല്ല അടിപൊളി ബസ്സ്. എനിക്ക് ഇഷ്ടമായി പാട്ട് വെച്ച് ഞങ്ങൾ ഡാൻസ് കളിച്ചു. ആദ്യം പോയത് ആനക്കോട്ടയിലേക്കാണ്. ഒരുപാട് ആനകളെ കണ്ടു. ആനയെ കുളിപ്പിക്കുന്നതും തിന്നാൻ കൊടുക്കുന്നതും കണ്ടു. പിന്നെ അമ്പലം കണ്ടു. കുറെ ഫോട്ടോ എടുത്തു. പിന്നെ ഞങ്ങൾ ഷീജ ടീച്ചറുടെ വീട്ടിലേക്ക് പോയി. നിറയെ ചെടികളും പൂക്കളുമുള്ള നല്ല ഭംഗിയുള്ള വീട്. അക്വാറിയത്തിൽ പല നിറത്തിലുള്ള മീനുകൾ സംസാരിക്കുന്ന തത്തയുമുണ്ട്.





ചായയും പഴം പൊരിയും കഴിച്ചു. പിന്നെ ഞങ്ങൾ മറൈൻ വേൾഡിലേക്ക് പോയി. പല തരം മീനുകളെ കണ്ടു. പല നിറത്തിലുള്ളവ പലരൂപത്തിലുള്ളവ. പിന്നെ വലിയ ഞണ്ടിനെ കണ്ടു. അതിന്റെ ഉള്ളിലൂടെ നടക്കുമ്പോൾ ഗുഹയിലൂടെ പോകുന്നത് പോലെ തോന്നു. വെള്ളച്ചാട്ടം കാണാനും നല്ല രസമുണ്ട് . പിന്നെ ഗ്ലാസിന്റെ ഗുഹയിൽ നിറയെ മീനുകളും അതിലൂടെ സഞ്ചരിക്കുന്ന ഒരു മനുഷ്യനെയും കണ്ടു മുയലിനെയും ആമയെയും കണ്ടു. വലിയ മീനിന്റെ അടുത്ത് നിന്ന് ഫോട്ടോ എടുത്തു. മീനിന് തീറ്റ കൊടുത്തു. പിന്നെ ഞങ്ങൾ ചിക്കൻ ബിരിയാണി കഴിച്ചു. ശേഷം പാർക്കിലേക്ക് പോയി. ഊഞ്ഞാലാടി, ഉരസി വീണു കളിച്ചു. ബോട്ടിൽ കയറി. പിന്നെ കടൽതീരത്തേക്ക് പോയി. കടലിലെ തിരമാലയിൽ കളിച്ചു. മണ്ണ് കൊണ്ട് കൊട്ടാരമുണ്ടാക്കി. പാട്ട് പാടി കൈകൊട്ടി കളിച്ചു. ഐസ് ക്രീം കഴിച്ചു. ഡ്രസ്സ് മാറ്റി നേരെ സ്കൂളിലേക്ക് തിരിച്ചു. 7.30ന് സ്കൂളിലെത്തി. അപ്പാപ്പയും ഉണ്ണിയും വിളിക്കാൻ വന്നു. ഇന്ന് മനോഹരമായ ദിവസമായിരുന്നു. ■



# ക്യാൻവാസ്



അനന്യ എൻ പി



അഞ്ജന പി



ജഹാന ഷെറിൻ



ഗായത്രി ജിഷാദ്



ആരോമൽ



അൺടൈറ്റിൽഡ് - അക്രിലിക് ഓൺ ക്യാൻവാസ്

സജിത പി




ജൂൺ 1 പ്രവേശനോത്സവം നടത്തി. ജൂൺ 19 മുതൽ വായന മാസാചരണത്തോടനുബന്ധിച്ച് വ്യത്യസ്തമായ ഒട്ടേറെ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നു.സാഹിത്യ ലോകത്തെ പ്രസിദ്ധരുടെ ജീവചരിത്ര രേഖാ, പ്രസിദ്ധ വരികൾ എന്നിവയുടെ പൊതു പ്രദർശനം, സ്കൂൾ റേഡിയോ ഉദ്ഘാടനം, ലൈബ്രറി സന്ദർശനം, ക്ലാസ് ലൈബ്രറി ശാക്തീകരണം, അമ്മമാരുടെ കേട്ടെഴുത്ത് മത്സരം, പുസ്തക മരം തുടങ്ങിയ പൊതുപ്രവർത്തനങ്ങളും ഹൈസ്കൂൾതലത്തിൽ ഉപന്യാസം, പ്രസംഗം, പ്രശ്നോത്തരി, പി എൻ പണിക്കർ ഓർമ്മക്കുറിപ്പ് - യു പിതലത്തിൽ പ്രശ്നോത്തരി, പത്രവായന, പഴഞ്ചൊൽ അന്താക്ഷരി, കൈയെഴുത്ത്, കവിത- ദൃശ്യാവിഷ്ക്കാരം, പുസ്തക പരിചയം, അമ്മ വായന- എൽ പി തലത്തിൽ കൈയെഴുത്ത്, പദപ്പയറ്റ്, പ്രശ്നോത്തരി, സാഹിത്യ മരം, അക്ഷരമരം, തലക്കെട്ട് ങ്ങളും നൽകൽ, ആശയ ക്രമീകരണം, അമ്മ വായന, പത്രവായന തുടങ്ങിയ മത്സരങ്ങളും ഓരോ ദിവസങ്ങളിലായി സംഘടിപ്പിക്കുകയും വിജയികൾക്കെല്ലാം സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. ബഷീർ ദിനവുമായി ബന്ധപ്പെട്ട് ബഷീറിനെ വരയ്ക്കാം, ബഷീർ കൃതികൾ പരിചയപ്പെടൽ, ബഷീർ കഥാപാത്രങ്ങൾ അരങ്ങത്ത്,ക്വിസ്, പൂവമ്പഴം - ലഘു നാടകം, ബഷീർ കൃതികളുടെ പുസ്തക പരിചയം, ബഷീർ കൃതികളിലെ പാരിസ്ഥിതിക ദർശനം - കുറിപ്പ് തയ്യാറാക്കൽ എന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നു. വിദ്യാരംഗം കലാസാഹിത്യ വേദി. വിവിധ ക്ലബുകൾ തുടങ്ങിയവയുടെ ഔപചാരികമായ ഉദ്ഘാടനം പ്രസിദ്ധ കവി 'ജയേന്ദ്രൻ മേലഴിയം' നിർവഹിച്ചു.അതോടൊപ്പം സ്കൂൾ തനത് പദ്ധതിയായ ' സമന്വയം ', പ്രവൃത്തി പരിചയകോർണർ 'വർണക്കൂട', അറബിക് സാഹിത്യ വേദി' അൽമർജാൻ ' എന്നിവയുടെ ലോഗോ പ്രകാശനവും നടന്നു. ജൂലൈ 11 ലോക ജനസംഖ്യ ദിനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ചാർട്ട് പ്രദർശിപ്പിച്ചു ക്വിസ് മത്സരം നടത്തി.

ഇതിൽ വിജയികളായ കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങൾ നൽകി.

ഓഗസ്റ്റ് 6 ,9 ഹിരോഷിമ നാഗസാക്കി ദിനവുമായി ബന്ധപ്പെട്ട് യുദ്ധം മാനവരാശിയെ ദോഷകരമായി ബാധിക്കുമെന്ന ബോധം കുട്ടികളിലെത്തിക്കാൻ സ്കൂൾ ഗ്രൗണ്ടിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. ലോക സമാധാനത്തിന്റെ പ്രതീകമായ സഡാക്കോ പക്ഷി നിർമ്മാണം പോസ്റ്റർ നിർമ്മാണം പ്ലക്കാർഡ് നിർമ്മാണം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട പല പരിപാടികളും നടത്താൻ തീരുമാനിച്ചു. പ്രസ്തുത ദിവസം രാവിലെ ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യസമര സേനാനികളുടെ വേഷമണിഞ്ഞ കൊച്ചുകൂട്ടുകാർ ഈ പരിപാടിയുടെ മുഖ്യ ആകർഷണമായിരുന്നു.ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നും

സ്വതന്ത്ര ഇന്ത്യയിലേക്കുള്ള മാറ്റം കുട്ടികൾക്ക് അനുഭവിച്ചറിയുവാൻ വേണ്ടി എക്സ്പീരിയൻസ് ദ സ്ട്ര ഗിൾ ടു ഫ്രീഡം എന്ന പ്രോഗ്രാം സംഘടിപ്പിച്ചു . എൽ പി യുപി ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ ദേശഭക്തിഗാന ാലാപനം സംഘടിപ്പിച്ചു . വിജയികളായവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകി.സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് പ്രസംഗം മത്സരം നടത്തി.സ്വാതന്ത്ര്യ ദിന വുമായി ബന്ധപ്പെട്ട് നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളാ യവർക്ക് സമ്മാനങ്ങൾ നൽകി. ഒക്ടോബർ 2 ഗാന്ധിജ യന്തിയുമായി ബന്ധപ്പെട്ട ഗാന്ധി ക്വിസ് മത്സരം പോസ്റ്റർ നിർമ്മാ ണം ഗാന്ധിജിയുടെ ജീവചരിത്ര വുമായി ബന്ധപ്പെട്ട ഗാന്ധി സിനിമ പ്രദർശനം എന്നീ പരി പാടികൾ സംഘടിപ്പിച്ചു. നവംബർ ഒന്ന് കേരളപ്പിറവി ദിന ത്തോടനുബന്ധിച്ച് ഒരു ക്വിസ് മത്സരം നോട്ടീസ് ബോർഡിലൂടെ പ്രദർശിപ്പിക്കുകയും അതിലെ വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുകയും ചെയ്തു. നവംബർ 14 ശിശുദിനവുമായി ബന്ധപ്പെട്ട്ചാച്ചാജിക്ക് ഒരു കത്ത് ഫാൻസി ഡ്രസ്സ് എന്നീ പരി പാടികൾ സംഘടിപ്പിച്ചു.നവംബർ 26 ഭരണഘടനാ ദിനത്തോടനുബ ന്ധിച്ച് ഭരണഘടനയുടെ ആമുഖം പരിചയപ്പെടുത്തി. ജനുവരി 26 റിപ്പബ്ലിക് ദിന ത്തോടനുബന്ധിച്ച് രാവി ലെദേശീയ പതാക ഉയർത്തി അതിനുശേഷം കുട്ടികൾക്ക് മിഠായി വിതരണം നടത്തി. കൂടാതെ ക്വിസ് മത്സരം നടത്തുകയും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ജനുവരി 30 രക്തസാക്ഷി ദിനം ഈ ദിന ത്തോടനുബന്ധിച്ച് ഗാന്ധിജിയുമായി ബ ന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ കുറിപ്പായി എഴുതി കൊണ്ടുവരാൻ കുട്ടികളോട് ആവശ്യപ്പെട്ടു.

ഓണാഘോഷവുമായി ബന്ധപ്പെട്ട് പൂക്കള മൽസരം, ഓണപ്പാട്ട് മൽസ രം, മെഗാ തിരുവാതിര ,ശിങ്കാരിമേളം, ഓണസദ്യ, മറ്റുള്ള കളികൾ എന്നിവ ആഘോഷപൂർവം നടന്നു. സൗഹൃദത്തിന്റെയും സ്നേഹത്തിന്റെ യും സന്ദേശം നൽകി സ്കൂൾ തനത് പരിപാടി സമന്വയം-കൂട്ട് സഹവാസ ക്യാമ്പ് കഥ പറയാം... കവിത ചൊല്ലാം..., നാട്ടറിവുകൾ, ഒറിഗാമി, ശാസ്ത്രവും ശാസ്ത്രാവബോധവും തുടങ്ങിയ നാല് സെഷനുകളായി നടത്തപ്പെട്ടു. ബാല സാഹിത്യകാരൻ ശ്രീ. രാമകൃഷ്ണൻ കുമരനല്ലൂർ ഉദ്ഘാടനവും പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അസ് ലം തിരുത്തി സമാപനസമ്മേളത്തിനുദ്ഘാടനവും നിർവഹിച്ചു. എടപ്പാൾ AEO ശ്രീ . പി വി.ഹൈദരലി,ആജ്ഞ ടി.പി ബി നീഷ് എന്നിവർ മുഖ്യാതിഥികൾ ആ യിരുന്നു. പ്രദേശത്തുള്ള മറ്റ് സ്കൂളിലെ കുട്ടികൾക്ക് കൂടി അവസരം നൽകി കൊണ്ട് ക്യാമ്പ് മാതൃകയായി അധ്യാപക ദിനവുമായി ബന്ധപ്പെട്ട് എന്റെ അധ്യാപകനൊരു കത്ത്, ആ ശംസാ കാർഡ് നിർമ്മാണം, കുട്ടികൾ - അധ്യാപകർ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു.
കേരളപിറവി ദിനത്തിൽ പ്രശ്നോത്തരി, ക്ലാസ് തലപതിപ്പു നിർമ്മാണം, നവകേരളം - കുട്ടികളുടെ ആശയങ്ങൾ ബിഗ് ക്യാൻവാസിൽ എന്നിവ സംഘ ടിക്കപ്പെട്ടു.
ക്രിസ്തുമസ് ആഘോഷങ്ങൾ കേക്ക് കട്ടിംഗ്, ക്രിസ്മസ് കരോൾ, പുൽക്കൂട് നിർമ്മാണം, ആശയ കാർഡ് നിർമ്മാണം, ക്രിസ്തുമസ് പാട്ട് ആലാപനം എന്നിവ യാൽ രസകരമായിരുന്നു ■

GHSS KADANCHERY
ISSUE 1 | 2024 March |

MALAYALAM | KDANCHERY
|DATE OF PUBLICATION: 1ST March



Published by GHSS KADANCHERY
kadanchery post, Edappal, Malappuram, Editor: Sreeja K